വട്ടിയൂർക്കാവ്, പേരൂർക്കട, തിരുമല എന്നീ പ്രദേശങ്ങൾ ഭാഗികമായി തിരുവനന്തപുരം സ്വീവറേജ് സ്കീമിൽ ഉൾപ്പെട്ടതാണ്. ഈ പ്രദേശങ്ങളിലെ സ്വീവറേജ് സംവിധാനം സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.

(എച്ച്) സ്വീവറേജ് സ്കീം തലസ്ഥാന വികസന പദ്ധതിയിൽ ഉൾപ്പെടുത്താത്ത വിഷയമാണ്. ഇക്കാര്യം ഇപ്പോൾ പരിഗണിക്കുവാൻ നിവൃത്തിയില്ല.

ഇൻലാന്റ് വാട്ടർ അതോറിറ്റിയുടെ ഓയിൽകാർഗോ ടെർമിനൽ നിർമ്മാണം

78 [235] ശ്രീ. വർക്കല കഹാർ:
" എം. എ. ചന്ദ്രശേഖരൻ:
" ഡൊമിനിക് പ്രസന്റേഷൻ:
" സി. പി. മുഹമ്മദ്:
" എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പുന്നമടക്കായൽ മേഖലയിൽ എന്തെല്ലാം സംരംഭങ്ങൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) അവിടെ ഇൻലാന്റ് വാട്ടർ വേ അതോറിറ്റിയുടെ ഓയിൽ കാർഗോ ടെർമിനൽ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ നാട്ടുകാർ ഒന്നടങ്കം ഇതിനെ എതിർത്തിട്ടുണ്ടോ;

(ഡി) ഈ ടെർമിനൽ പള്ളാത്തുരുത്തിയിലേക്കോ മറ്റേതെങ്കിലും സ്ഥലത്തേക്കോ മാറ്റി സ്ഥാപിക്കുന്ന കാര്യം ഇൻലാന്റ് വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുന്നമടക്കായൽ മേഖലയിൽ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ഒരു സ്ഥിരമായ പവലിയന്റെ നിർമ്മാണം, സെൻട്രൽ പി.ഡബ്ല്യു.ഡി. മുഖേന പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) ജനറൽ കാർഗോ ടെർമിനൽ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്/ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് ഉദ്ദേശമുണ്ട്. ടെർമിനലിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക എത്രയും വേഗം വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതിന് സർക്കാരിന് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചില ഭൂവുടമകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. എന്നാൽ മുല്ലയ്ക്കലിൽ തന്നെ ടെർമിനൽ പണിയുന്നതിനോട് സർക്കാർ വിയോജിക്കുന്നതിനാൽ ഹൈക്കോടതി വിധിക്കെതിരെ ബഹു. സുപ്രീം കോടതിയെ സമീപിക്കുകയും, വിധി ഉടൻ നടപ്പാക്കുന്നതിനെതിരെ സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്റ്റേ ഉത്തരവ് ഇപ്പോഴും നിലവിലുണ്ട്.

(സി) ചില വ്യക്തികൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിനോടും ഇൻലാന്റ് വാട്ടർ അതോറിറ്റിയോടും ടെർമിനൽ മാറ്റി സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

79 [236] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ പുരാതനമായ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിന്റെ പുരോഗതി ഏതുവരെയായിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനുമായി ടൂറിസം വകുപ്പ്, 151 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കുന്നതിനായി ജലവിഭവ വകുപ്പിന് തുണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി ജലവിഭവ വകുപ്പ് ടെൻഡർ വിളിച്ചിട്ടുണ്ട്. ഈ പദ്ധതി മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആലപ്പുഴ പട്ടണത്തിലെ കനാലുകൾ നവീകരിക്കുവാൻ നാട്പാക് പദ്ധതി

80 [237] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് പദ്ധതികൾ എന്തെങ്കിലും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly